പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2101 **26-10-2026-ൽ മറുപടിയ്ക്ക്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിഷിക്കുന്ന പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോകോൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ ക്ഷണിക്കേണ്ടതായ അതിഥികളെ സംബന്ധിച്ചും പാലിക്കേണ്ടതായ പ്രോട്ടോകോൾ സംബന്ധിച്ചും പുറപ്പെടുവിച്ചിട്ടുള്ള മുഴുവൻ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ ക്ഷണിക്കേണ്ടതായ അതിഥികളെ സംബന്ധിച്ചും പാലിക്കേണ്ടതായ പ്രോട്ടോകോൾ സംബന്ധിച്ചും ഉത്തരവുകളോ സർക്കുലറുകളോ ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രസ്തുത പരിപാടികളിൽ ടി പ്രോട്ടോക്കോളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

മറുപടി: ബാധകമല്ല

(സി) പ്രസ്തുത പ്രോട്ടോകോൾ പാലിക്കുന്നതിൽ ചുമതലയുള്ളവർ വീഴ്ച വരുത്തുന്നത് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ആർക്കാണ് സമർപ്പിക്കേണ്ടതെന്നും സമർപ്പിക്കേണ്ട വിധവും വ്യക്തമാക്കാമോ;

മറുപടി: ബാധകമല്ല

(ഡി) പ്രസ്തുത പരിപാടികളിൽ ടി പ്രോട്ടോകോളുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

മറുപടി: ബാധകമല്ല

സെക്ഷൻ ഓഫീസർ